File No. LSGD-DD2/472/2018-LSGD

"ഭരണഭാഷ-മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി-ക്ഷീര കർഷകരെ പദ്ധതിയ്ക്ക് കീഴിൽ ഉൾപ്പെടുത്തുന്നത് - മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു.

=====================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(കൈ) നം.54/2019/തസ്വഭവ    തിരുവനന്തപുരം, തീയതി, 25-05-2019

=====================================================================

പരാമർശം :- 1. സ.ഉ.(കൈ) നം.210/2010/ത.സ്വ.ഭ.വ. തീയതി 13.09.2010

2. സ.ഉ.(കൈ) നം. 216/2007/ത.സ്വ.ഭ.വ തീയതി 03-11-2017

3. 13-06-2018-ലെ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ യോഗത്തിന്റെ 5-ാം നമ്പർ തീരുമാനം.

4. നഗരകാര്യ ഡയറക്ടറുടെ 05.10.2018, 07.12.2018,21.02.2019 തീയതികളിലെ ഡി.സി.3-9653/18 നമ്പർ കത്തുകൾ

## ഉത്തരവ്

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മാതൃകയിൽ സംസ്ഥാനത്തെ നഗരപ്രദേശങ്ങളിൽ കായികാദ്ധ്വാനത്തിന് തയ്യാറുള്ളവർക്ക് തൊഴിൽ ഉറപ്പാക്കുന്ന അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. പരാമർശം (2) പ്രകാരം സർക്കാർ അംഗീകാരം നൽകിയ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് നിലവിൽ പദ്ധതി നടപ്പിലാക്കി വരുന്നത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബത്തിൽപ്പെട്ടതും രണ്ടോ അതിലധികമോ കറവയുള്ള പശുക്കളെ വളർത്തി പരിപാലിച്ചുപോരുന്നതുമായ ക്ഷീരകർഷകരെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് 13.06.2018-ൽ ചേർന്ന അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ യോഗം പരാമർശം (3) പ്രകാരം ശുപാർശ ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതി മാർഗ്ഗ രേഖയിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള ശുപാർശ പരാമർശം (4) പ്രകാരം നഗരകാര്യ ഡയറക്ടർ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2) പ്രകാരം അംഗീകരിച്ച മാർഗ്ഗരേഖയിലെ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ വ്യക്തമാക്കിയിട്ടുള്ള ഖണ്ഡിക 7.1.1-ലെ ഉപഖണ്ഡിക V ആയി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കൂടി ചേർത്ത് പരാമർശം(2) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖ ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

(V) സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗത്തിൽപെട്ടതും രണ്ടോ അതിലധികമോ കറവയുള്ള പശുക്കളെ വളർത്തി പരിപാലിച്ചുപോരുന്നതുമായ ക്ഷീര കർഷകർക്ക് പശുപരിപാലനത്തിന് ചുവടെ പറയുന്ന രേഖകളുടെ അടിസ്ഥാനത്തിൽ തൊഴിൽ ദിനങ്ങൾ അനുവദിച്ച് വേതനം നൽകാവുന്നതാണ്.

i) അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വേതനം നൽകുന്ന ദിവസങ്ങളിൽ പശുക്കളെ വളർത്തുന്നു എന്ന് ബന്ധപ്പെട്ട വെറ്ററിനറി സർജന്റെ സാക്ഷ്യപത്രം;

ii) രണ്ട് പശുക്കളുടെ ഇൻഷുറൻസ് സർട്ടിഫിക്കറ്റ്;

iii) ക്ഷീര കർഷക സഹകരണ സംഘത്തിലെ പാസ് ബുക്ക്.

പാസ് ബുക്കിലെ രേഖപ്പെടുത്തൽ പ്രകാരം 10 ലിറ്ററിൽ(പത്ത് ലിറ്റർ) കുറയാത്ത പാൽ ക്ഷീര കർഷക സഹകരണ സംഘത്തിൽ നൽകിയ ദിവസങ്ങളിൽ മാത്രം ഒരു ദിവസത്തെ വേതനം അനുവദിക്കാവുന്നതാണ്. ഇപ്രകാരം പരമാവധി 100 ദിവസത്തെ വേതനം മാത്രമെ അനുവദിക്കാവൂ.
മേല്പറഞ്ഞ പ്രകാരം തൊഴിൽ ദിനങ്ങൾ അനുവദിക്കുന്നതിന് ചുവടെ സൂചിപ്പിക്കുന്ന വിഭാഗങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്.

1. പട്ടികജാതി/പട്ടിക വർഗ്ഗം
2. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ക്ഷീര കർഷകർ
3. സ്ത്രീകൾ ഗൃഹനാഥകളായുള്ള കുടുംബങ്ങൾ
4. ശാരീരിക വൈകല്യമുള്ളവർ ഗൃഹനാഥരായുള്ള കുടുംബങ്ങൾ,
5. ഭൂപരിഷ്കരണത്തിൻറെ ഗുണഭോക്താക്കൾ
6. PMAY/LIFE പദ്ധതിയുടെ ഗുണഭോക്താക്കൾ

3. മേൽപ്പറഞ്ഞ ഭേദഗതിയോടെ പരാമർശം (2) ഉത്തരവ് നിലനിൽക്കുന്നതാണ്

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ എബ്രഹാം**
അഡീഷണൽ സെക്രട്ടറി

പകർപ്പ്:
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ അംഗങ്ങൾക്ക് (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കോർപ്പേറേഷൻ മേയർ/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ മേയർ/ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കൌൺസിൽ ചെയർമാൻ/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ